Final report of the Minor Research Project

# സ്ത്രൈണ ആത്മീയത
# സാറാ ജോസഫിന്റെ രചനകളിൽ -
# വനിതാ ദൈവശാസ്ത്രത്തെ ആസ്പദമാക്കിയുള്ള പഠനം

# Feminine Spirituality in the works of Sarah Joseph - A Study on the basis of Feminist Theology

Submitted to

PR0024

UNIVERSITY GRANTS COMMISSION

MRP(H)-1411/10-11/KLMG020/UGC-SWRO

Dr. Sr. Biji M.P.
Assistant Professor in Malayalam
Nirmala College, Muvattupuzha
Kerala - 686 661

# ഉള്ളടക്കം


പേജ്

ആമുഖം

അധ്യായം ഒന്ന്: വനിതാദൈവശാസ്ത്രത്തിന്റെ സൈദ്ധാന്തിക പശ്ചാത്തലം. 4

ആത്മീയതയും സ്ത്രീവാദവും 4

ആത്മീയത പുത്തൻ സങ്കല്പനങ്ങൾ 8

സാംസ്കാരിക ആത്മീയത 10

മാനവിക ആത്മീയത 13

പാരിസ്ഥിതിക ആത്മീയത 16

യോഗാത്മക ആത്മീയത 21

സ്ത്രീവാദവും ക്രൈസ്തവ പാരമ്പര്യങ്ങളും 25

ബൈബിൾ സ്ത്രീപക്ഷ വായന 25

പരമ്പരാഗത ദൈവശാസ്ത്രം 34

സ്ത്രീദൈവശാസ്ത്രം 35

അധ്യായം രണ്ട് : സ്ത്രൈണ ആത്മീയത മലയാള സാഹിത്യത്തിൽ. 52

ബാലാമണിയമ്മ - സ്ത്രൈണ മൂല്യങ്ങളുടെ വീണ്ടെടുപ്പ് 52

സുഗതകുമാരി - പ്രതിരോധത്തിന്റെ ഭക്തവഴികൾ 61

കമലാദാസ് - ആത്മീയതയുടെ എതിരിടങ്ങൾ 65

ലളിതാംബിക അന്തർജനം - പെൺമയുടെ സ്വരം 71

കെ.പി. അപ്പൻ - സ്ത്രൈണതയുടെ മഹത്വകീർത്തനം 77

ജെ. ദേവിക - സ്ത്രീവിമോചനം സ്ത്രീ ശരീരത്തിലൂടെ 81

റോസി തമ്പി - സ്ത്രൈണതയുടെ ആത്മഭാഷണം 82

അധ്യായം മൂന്ന്: സ്ത്രൈണ ആത്മീയത സാറാ ജോസഫിന്റെ രചനകളിൽ 86

ആത്മാന്വേഷണത്തിന്റെ നവമാതൃകകൾ 86

ആതി - വീണ്ടെടുപ്പിന്റെ ആത്മീയത 98

പുനർനിർമ്മിക്കപ്പെടുന്ന ദൈവസങ്കല്പം 99

വീണ്ടെടുക്കപ്പെടേണ്ട പ്രകൃതി 102

പ്രണയസങ്കല്പങ്ങളിലെ നവീനത 104

ശക്തിയുടെ / അധികാരത്തിന്റെ രാഷ്ട്രീയം 105

സ്ത്രൈണ ആത്മീയത - കഥകളെ ആസ്പദമാക്കി 106

ശരീരം 106

പ്രണയം 108

മാതൃത്വം 108

പ്രകൃതി 111

ഉപസംഹാരം 115

ഗ്രന്ഥസൂചി

ലേഖനസൂചി

# ആമുഖം

മലയാളത്തിലെ ഫെമിനിസ്റ്റ് സൗന്ദര്യ ശാസ്ത്രത്തിന് സിദ്ധാന്തപരമായും പ്രയോഗപരമായും ബലവത്തായ അടിത്തറ പാകിയ ആൾ എന്ന നിലയിലാണ് സാറാ ജോസഫ് എന്ന എഴുത്തുകാരി വിലയിരുത്തപ്പെടുന്നത്. 'പാപത്തറ'യുടെ അവതാരികയിൽ, മലയാളത്തിൽ വരാനിരിക്കുന്ന ഒരു നവീന ഭാവുകത്വപ്രവണതയുടെ ആദ്യാങ്കുരമായി സാറാ ജോസഫിന്റെ രചനകളെ സച്ചിദാനന്ദൻ വിലയിരുത്തുകയും തൊണ്ണൂറുകൾക്കുശേഷമുള്ള അവരുടെ രചനകൾ ഈ വിലയിരുത്തലിനെ സാക്ഷ്യപ്പെടുത്തുകയും ചെയ്തു.

സാറാ ജോസഫിന്റെ രചനകളെ, പ്രത്യേകിച്ച് തൊണ്ണൂറുകൾക്കുശേഷമുള്ള അവരുടെ രചനകളെ ഒരു സവിശേഷമായ വായനയ്ക്ക് വിധേയമാക്കുകയാണ് ഈ പഠനം ചെയ്യുന്നത്. ക്രിസ്തീയ പശ്ചാത്തലത്തിൽ ജനിക്കുകയും ജീവിക്കുകയും ചെയ്യുന്ന എഴുത്തുകാരിയുടെ ക്രിസ്തീയ പശ്ചാത്തലത്തിലുള്ള രചനകളെ, ക്രിസ്ത്യൻ വനിതാദൈവശാസ്ത്രം (Christian Feminist Theology) എന്ന ജ്ഞാനസിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യാനുള്ള ശ്രമമാണ് ഇവിടെ നിർവ്വഹിക്കപ്പെടുന്നത്. ഇത്തരത്തിലുള്ള വായനോദ്യമങ്ങൾ മലയാള സാഹിത്യത്തിൽ വളരെ വിരളമായ സംഭവിച്ചിട്ടുള്ളു എന്നത് ഈ പഠനത്തിന്റെ പ്രസക്തി വെളിപ്പെടുത്തുന്നു.

ക്രൈസ്തവ ആത്മീയതയെ നിർണയിക്കുന്ന ക്രിസ്തീയ ദൈവശാസ്ത്രവും ബൈബിളും പുലർത്തുന്ന പുരുഷാധിപത്യപരമായ നിലപാടുകൾ സ്തീകളുടെ ആത്മീയതയെ എപ്രകാരം പ്രശ്നവല്ക്കരിക്കുന്നു എന്ന അന്വേഷണമാണ് അടിസ്ഥാനപരമായി വനിതാ ദൈവശാസ്ത്രത്തിന്റെ കാതൽ. ശുദ്ധാശുദ്ധ വിചാരണയിൽ സ്ത്രീശരീരത്തെ അശുദ്ധമെന്ന് വിധിക്കുകയും 'ആത്മീയത'യുടെ 'അതിവിശുദ്ധ'സ്ഥലങ്ങളിൽ നിന്ന് വിലക്കേർപ്പെടുത്തി മാറ്റി നിർത്തുകയും ചെയ്യുമ്പോൾ, ഒരു സ്ത്രീയിൽ ആത്മീയതയുടെ പൂർണവികാസവും അതുവഴിയുള്ള ആത്മാഭിമാനവും (Self esteem) എപ്രകാരം സംഭവിക്കുകയും നിലനില്ക്കുകയും ചെയ്യുന്നു എന്ന ചോദ്യം ഉന്നയിക്കപ്പെടുന്നു. അതിനാൽ ആത്മീയ മേഖലയിൽ 'നഷ്ടപ്പെട്ടു'പോയ (?) സ്ത്രൈണമുദ്രകളുടെ വീണ്ടെടുപ്പും അതുവഴി യഥാർത്ഥ ആത്മീയാനുഭവത്തിലേക്കുള്ള തിരിച്ചുപോക്കും ആണ് വനിതാദൈവശാസ്ത്രവും സ്ത്രൈണ ആത്മീയത (Feminine Spirituality) എന്ന ചിന്താപദ്ധതിയും ലക്ഷ്യം വയ്ക്കുന്നത്. ഇത് സാധ്യമാക്കേണ്ടതിന്, പരമ്പരാഗത ബൈബിൾ വ്യാഖ്യാനങ്ങളെയും ദൈവശാസ്ത്രത്തെയും അപനിർമ്മാണത്തിനും (deconstruction) പുനർ വായനകൾക്കും (Re-reading) വിധേയമാക്കേണ്ടതുണ്ടെന്ന് റോസ്മേരി റാഡ്ഫോർഡ് റൂഥറി (Rose Mary Radford Ruether)നെപ്പോലുള്ള വനിതാ ദൈവശാസ്ത്രജ്ഞർ നിരീക്ഷിക്കുന്നുണ്ട്. ഇത്തരം വാദമുഖങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ പഠനം പുരോഗമിക്കുന്നത്.